# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ആവോലി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 8)147/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 18.03.2019**

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- ആവോലി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 8)147/2019 **തീയതി : 18.03.2019**

# എറണാകുളം ജില്ലയിലെ ആവോലി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജയ.സി.ആർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 4.01.2019മുതൽ | ശ്രീ.സി.സി.ജ്യോതിമോൻ, |

| | |
|---|---|
| 18.01.2019 വരെ | ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജോമോൾ.എം.ജോണി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോർജ്ജ്കുട്ടി ജോസഫ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീ.ജോർഡി.എൻ.വർഗീസ് | 01.04.2017മുതൽ 31.03.2018 വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീമതി. എൻ.ആർ. വിജയം | 1-4-2017 -16-6-2017വരെ |
| 2 | ശ്രീ. എം. സുരേഷ് | 17-6-2017 മുതൽ 31-3-2018 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | സുഹറ സിദ്ധിക് | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | എം.കെ. അജി | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | സിനി സത്യൻ | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ / വിദ്യാഭ്യാസ കാര്യം | മനോജ് പി.ടി | 01.04.2017മുതൽ 31.03.2018 വരെ |

**4 മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. അഞ്ജുപോൾ | 01.04.2017മുതൽ 27.10.17വരെ |
| | | ശ്രീമതി. ശ്രീലഗോവിന്ദ് | 28.10.17മുതൽ 31.03.2018വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീ. എബ്രഹാം | 01.04.2017മുതൽ 3.10 2017വരെ |
| | | ശ്രീ.വിക്ടോജ്ജ്രബിൻ വർഗ്ഗീസ് | 4.10.17 മുതൽ 31.3.18 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രാജി.കെ.ജി | 01.04.2017മുതൽ 27.11.2017 വരെ |
| | | ശ്രീമതി. വത്സല.പി.ടി | 28.11.2017മുതൽ 31.3.18 വരെ |
| 4 | വി.ഇ.ഒ, ആനിക്കാട് | ശ്രീ. പ്രിയരഞ്ജൻ | 01.04.2017മുതൽ |

| | | | |
|---|---|---|---|
| | | | 31.03 2018വരെ |
| | വി.ഇ.ഒ, ആവോലി സർക്കിൾ | ശ്രീ. ഷെഫീക്ക് | 01.04.2017മുതൽ 31.03 2018വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ബ്ലെസി പോൾ | 01.04.2017മുതൽ 31.03.2018വരെ |
| 6 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ബിന്ദു തോമസ് | 01.04.2017മുതൽ 10.08.2017 വരെ |
| | | ഡോ.എൻ.മഞ്ജുഷ | 11.8.17മുതൽ 31.3.18വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീകല.എം | 01.04.2017മുതൽ 31.03.2018വരെ |
| 8 | ഹെഡ് മാസ്റ്റർ | ശ്രീമതി. സാലി.കെ. എസ് | 01.04.2017മുതൽ 31.03.2018വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പി.കെ. ബാലകൃഷ്ണൻ | 01.04.2017മുതൽ 4.10.2017വരെ |
| | | ശ്രീമതി. ആര്യ.സി.ഉണ്ണി | 5.10.2017മുതൽ 31.3.2018വരെ |
| 10 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.എലിസബത്ത്. സി.ജോർജ്ജ് | 01.04.2017മുതൽ 15.7.2017വരെ |
| | | ശ്രീമതി.ഷേബ.പി. ബേബി | 16.7.2017മുതൽ 31.03.2018വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1–2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1–3 |
| 4 | സാമ്പത്തിക വിശകലനം | 1–4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1–5 |
| 6 | പദ്ധതി അവലോകനം. | 1–6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1–7 |
| 8 | ക്ഷേമപദ്ധതികൾ | 1–8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 |
| 14 | ഡി & ഒ ലൈസൻസ്-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. | 2-2 |
| 15 | വസ്തുനികുതിനിർണ്ണയത്തിലെ അപാകങ്ങൾ | 2-3 |
| | ഭാഗം 3 | |
| 16 | മഴക്കാലപൂർവ്വ ശുചീകരണം - തുക നാളിതുവരേയും ചെലവഴിച്ചില്ല. | 3-1 |
| 17 | പി എച്ച് സി -ക്ക് മരുന്നുവാങ്ങൽ പദ്ധതി - 31479/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. | 3-2 |
| 18 | വെള്ളക്കരം ഒടുക്കൽ-അപാകതകൾ. | 3-3 |
| 19 | ഡെപ്പോസിറ്റ് വർക്കുകൾക്ക് സെന്റേജ് ചാർജ്ജ് അധികം നൽകി | 3-4 |
| 20 | മരാമത്ത് പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് നിരക്ക് നിശ്ചയിച്ചതിലെ അപാകത മൂലം ഉയർന്ന നിരക്ക് നൽകി. | 3-5 |
| 21 | മരാമത്ത് പ്രവൃത്തികൾ നടത്തിപ്പിലെ അപാകതകൾ. | 3-6 |
| 22 | നിശ്ചിതസമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 3-7 |
| 23 | സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി-അപാകങ്ങൾ | 3-8 |
| 24 | സേവന നികുതി ഒടുക്കേണ്ടാത്ത പ്രവൃത്തിക്ക്, കരാറുകാരന് സേവന നികുതി നൽകി. | 3-9 |

| | | |
|---|---|---|
| 25 | ഐ.കെ.എം-ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ. | 3-10 |
| 26 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-11 |
| 27 | ടെണ്ടർ ഫോറം വില ഡിമാന്റ് ഡ്രാഫ്റ്റായി ലഭിച്ചത് രസീത് എഴുതാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. | 3-12 |
| 28 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-രജിസ്റ്റർ സൂക്ഷിപ്പിലെ അപാകം | 3-13 |
| 29 | ബാലസഭാ പ്രവർത്തനങ്ങൾ-പ്രോജക്ട് നടത്തിപ്പിൽ അപാകങ്ങൾ | 3-14 |
| 30 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-15 |
| 31 | വയോജനങ്ങൾക്ക് കട്ടിൽ -പ്രോജക്ട് നടത്തിപ്പിൽ അപാകം | 3-16 |
| 32 | വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല | 3-17 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 36 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 45 | ഇൻകം & എക്സ്പെൻടീച്ചർ പത്രിക | |
| 46 | റെസീപ്റ്റ് & പേയ്മെന്റ് പത്രിക | |

# ഭാഗം 1

# പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28/03/2017ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 80868000 | 82326100 |
| വാർഷിക കണക്ക് പ്രകാരം | 53468376 | 52945872 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 1.06.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2017-18 | 25.6.18, 26.6.18 | കെ.എസ്.എ-ഇ.കെ.എം(പിജി) 1786/(6)/18/ 29.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5451446 |
| വരവ് | 53468376 |
| ആകെ | 58919822 |
| ചെലവ് | 52945872 |
| നീക്കിയിരിപ്പ് | 5973950 |

## 1-5 ഫണ്ട് വിനിയോഗം (എ).സി.ആർ

# (പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 00 | 10467000 | 10467000 | 9568764 | 91.41 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | | 00 | 2122703 | 2122703 | 1438320 | 67.75 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 00 | 82967 | 82967 | 27955 | 33.70 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | -326000 | 14459863 | 14133863 | 14404675 | 99.61 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 00 | 3051000 | 3051000 | 2767330 | 90.70 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 00 | 9729867 | 9729867 | 4162783 | 42.78 | 00 |
| പെർഫോമൻസ് ഗ്രാൻറ് | | 00 | 2102347 | 2102347 | 1618520 | 76.98 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 500 | 482387 | 482887 | 482294 | 99.87 | 593 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 2159329 | 6507000 | 8666329 | 8712377 | 100.5 | -46048 |
| ദുരിതാശ്വാസ നിധി | | 3115 | 8979 | 12094 | 2500 | 20.67 | 9594 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 00 | 635265 | 635265 | 635265 | 100 | 0 |
| | ജില്ലാ പഞ്ചായത്ത് | 00 | 200000 | 200000 | 200000 | 100 | 00 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ICDS | 526715 | 721505 | 1248220 | 00 | 00 | 1248220 |
| | ടോട്ടൽ സാനിട്ടേഷൻ | 503628 | 319000 | 822628 | 534528 | 64.97 | 288100 |
| | സാക്ഷരത | 124558 | 119700 | 244258 | 00 | 00 | 244258 |
| ബി ഫണ്ട് | | 00 | 87692 ** | 87692 | 87692 | 100 | 00 |
| തനത് ഫണ്ട് | സഹകരണ ബാങ്ക് | 1943340 | 2678000 | 4621340 | 3086528 | 66.78 | 1534812 |
| | എസ്.ബി.ഐ | 516261 | 7500260 | 8016521 | 5445667 | 67.93 | 2570654 |
| | ഇ-പേയ്മെന്റ് | 00 | 97292 | 97292 | 00 | 00 | 97292 |
| ക്യാഷ് (തനത്) | | 00 | 26475 | 26475 | 00 | 00 | 26475 |

** റെസീപ്റ്റ് &പേയ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള വരവ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 167 | 55474118 | 123 | 36775395 | 32 | 12 | 73.65 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 500 | 482387 | 482887 | 482294 | 593 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 9255000 | 9255000 | 9255000 | 00 |
| ആകെ | 500 | 9737387 | 9737887 | 9737294 | 593 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23280 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 2154400 | 105 |
| വിധവാപെൻഷൻ | 5846500 | 490 |
| വാർദ്ധക്യകാലപെൻഷൻ | 13352800 | 928 |
| വികലാംഗപെൻഷൻ | 2197500 | 186 |
| വിവാഹധനസഹായം | 30000 | 1 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 306600 | 25 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.1.2019ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28345/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09-ാം നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2.ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നില്ല.

3.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ സൂചിക സോഫ്റ്റ് വെയറിൽ നിന്നും പ്രസ്തുതഭാഗത്തിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുത്തുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

9. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.18 | 11/2018 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.12.2017 മുതൽ 29.12.17 വരെ | 2012-13 മുതൽ 2016-17 വരെ | 1.3.2018 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

**കെ.എസ്.എ-ഇ.കെ.എം(പിജി) 1786/(6)/18 /29.8.2018.** നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

1.ബാലൻസ് ഷീറ്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയിൽ നിന്നും ലഭിച്ച തുകയിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ യഥാക്രമം 200000, 400000 എന്നിങ്ങനെ നീക്കിബാക്കി ഉണ്ട്. എന്നാൽ ഈ തുക ട്രഷറി അക്കൗണ്ടിൽ നീക്കിബാക്കിയായി കാണിച്ചിട്ടില്ല.

2.വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് വർക്കിനായി നിക്ഷേപിച്ചിട്ടുള്ള തുകയിൽ പ്രോജക്ട് നമ്പർ 139/18 പ്രകാരം നിക്ഷേപിച്ച 143000 രൂപയും 149/18 പ്രകാരമുള്ള 2000 രൂപയുടേയും ചെലവ് വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി / സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസ്സസ്സിംഗ് കമ്പനി ലിമിറ്റഡ് | ജീവനക്കാരുടെ തൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 2 | നിർമ്മല കോളേജ് ഓഫ് ഫാർമസി | ജീവനക്കാരുടെ തൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 3 | കാവന ക്ഷീരോല്പാദക സഹകരണസംഘം | ജീവനക്കാരുടെ തൊഴിൽനികുതി & സ്ഥാപനതൊഴിൽനികുതി | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | രണ്ടാർ ക്ഷീരോല്പാദക സഹകരണസംഘം | ജീവനക്കാരുടെ തൊഴിൽനികുതി & സ്ഥാപനതൊഴിൽനികുതി | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | ആവോലി ക്ഷീരോല്പാദക സഹകരണസംഘം | സ്ഥാപനതൊഴിൽനികുതി | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | ആനിക്കാട് സർവ്വീസ് സഹകരണബാങ്ക് | സ്ഥാപനതൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 7 | ആവോലി സർവ്വീസ് സഹകരണബാങ്ക്, കാവന ശാഖ | ജീവനക്കാരുടെ തൊഴിൽനികുതി & സ്ഥാപനതൊഴിൽനികുതി | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | നിർമ്മല കോളേജ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | സ്ഥാപനതൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 9 | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്,ആവോലി. | ജീവനക്കാരുടെ തൊഴിൽനികുതി & സ്ഥാപനതൊഴിൽനികുതി | ഒന്നും രണ്ടും അർദ്ധവർഷം |
| 10 | ആവോലി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് | ജീവനക്കാരുടെ തൊഴിൽനികുതി & | ഒന്നും രണ്ടും അർദ്ധവർഷം |

| | | | |
|---|---|---|---|
| | സൊസൈറ്റി ലിമിറ്റഡ്,ആവോലി | സ്ഥാപനതൊഴിൽനികുതി | |
| 11 | ശിവക്ഷേത്രം,കാവന(ദേവസ്വം ബോർഡ്) | ജീവനക്കാരുടെ തൊഴിൽനികുതി & സ്ഥാപനതൊഴിൽനികുതി | ഒന്നും രണ്ടും അർദ്ധവർഷം |

കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയസെന്ററുകൾ, സ്വകാര്യ ധനവിനിമയ സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ ജീനവനക്കാരുടേയും, മരാമത്ത് കരാറുകാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/14.1.19) ഓഡിറ്റ് നിർദ്ദേശപ്രകാരം ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ / ചെറുകിട വ്യവസായ സ്ഥാപനങ്ങൾ മുതലായവ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽനികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/ കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | രാഹുൽ ഗ്രാനൈറ്റ്സ് / III/49 | 09 |
| 2 | സുപ്രീം സിമന്റ് പ്രോഡക്ട്സ് /XIII/112 | 09 |
| 3 | ഫൈൻ ടെക് / XIV/219 | 06 |
| 4 | ഗോവർദ്ധൻ ട്രേഡിംഗ് കമ്പനി / XIII/45 | 17 |
| 5 | മന്ന ഫുഡ് ഇൻഡസ്ട്രീസ് / III/23 | 07 |
| | [illegible] | |

| | | |
|---|---|---|
| 6 | പെട്രോൾ പമ്പ് / VII/167 | 08 |
| 7 | മെറി ഫുഡ്സ് പ്രോഡക്ട്സ് / VII/379 | 08 |
| 8 | ലോട്ടസ് ഡയഗ്നോസ്റ്റിക് സെന്റർ / VI | 04 |

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയസെന്ററുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ 2017-18സാമ്പത്തികവർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. മേൽ പരാമർശം സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/14.1.19) മറുപടി ലഭ്യമാക്കിയില്ല.ഡി & ഒ ലൈസൻസ് അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയസെന്ററുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-3 വസ്തുനികുതിനിർണ്ണയത്തിലെ അപാകങ്ങൾ

(1)വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി ഈടാക്കുന്നത് മൂലം നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകം വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇത് പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള

കെട്ടിടങ്ങളിൽ 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 60/-രൂപയായും, പഞ്ചായത്ത് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്(30.11.2011-ലെ 6-ാം നമ്പർ തീരുമാനം)

എന്നാൽ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീമതി.ജാനി ജോൺ എന്ന വ്യക്തിയുടെ പേരിൽ ഉള്ള 10-ാംവാർഡിൽ സ്ഥിതിചെയ്യുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 60/-രൂപ നികുതി നിരക്ക് ചുമത്തുന്നതിന് പകരം 100/-ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 40/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.)/നില | നിർണ്ണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| X-307A | 42.355GF | 2034 + 102 LC (42.355x 40) (+20%റോഡ്) | 3050+ 153 LC (42.355x 60) (+20%റോഡ്) | 1016 +51 |
| X-307B | 87.465 GF | 4199 +210 LC (87.465 x 40) (+20%റോഡ്) | 6297 + 315 LC (42.355x 60) (+20%റോഡ്) | 2098+105 |
| X-307C | 16.36GF | 786+ 39 LC (16.36 x 40) (+20%റോഡ്) | 1178 + 59 LC (42.355x 60) (+20%റോഡ്) | 392+20 |

ഇപ്രകാരം കുറവായി വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.21/17.1.19) മറുപടി ലഭ്യമാക്കിയില്ല. നഷ്ടം വന്ന തുകയായ 3506/-രൂപയും ലൈബ്രറി സെസ്സ്ഇനത്തിലെ 176/-രൂപയും കെട്ടിട ഉടമയിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

(2) <u>ഉപയോഗക്രമം മാറുന്നതനുസരിച്ച് വസ്തുനികുതി പുതുക്കുന്നില്ല</u>

പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടം വാണിജ്യാവശ്യത്തിനായി വാടകയ്ക്ക് നൽകുമ്പോൾ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.എന്നാൽ റോസ്മേരി ക്ലോത്ത് ബാഗ് യൂണിറ്റിനായി വാടകക്ക് നൽകിയ കെട്ടിട നം.8/193,പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ

തന്നെയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാലപൂർവ്വ ശുചീകരണം - തുക നാളിതുവരേയും ചെലവഴിച്ചില്ല

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2096/2017/ ത.സ്വ.ഭ.വ തീയതി 21/6/17 ഉത്തരവുപ്രകാരം മഴക്കാല പൂർവ്വ ശുചീകരണത്തിനായി 350000/-രൂപ തനതുഫണ്ടിൽനിന്നും പിൻവലിച്ച് (ചെക്ക് നം.29531, 271068/- രൂപ & ചെക്ക് നം. 645115, 78932/-രൂപ), 25000/- രൂപവീതം 14 വാർഡ് സാനിറ്റേഷൻ കമ്മറ്റികളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. 2017 ജൂൺ 27,28,29 തീയതികളിൽ ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിനായിട്ടാണ് ടി തുകകൾ കൈമാറിയിരുന്നത്. എന്നാൽ വാർഡ് നമ്പർ നാലിൽ ശുചീകരണപ്രവൃത്തികൾ നടത്തിയതിന്റെയോ, 25000/-രൂപ ചെലവഴിച്ചതിന്റെയോ വിശദ വിവരങ്ങളും, രേഖകളും ഫയലിൽ കാണുന്നില്ല. തുക ചെലവഴിച്ചിട്ടില്ലായെങ്കിൽ ആയതിനും, തുക പഞ്ചായത്തുഫണ്ടിൽ തിരികെ അടവാക്കാതെ വാർഡ് സാനിറ്റേഷൻ കമ്മിറ്റി അക്കൗണ്ടിൽ സൂക്ഷിച്ചതിനും (അക്കൗണ്ട് നം.30200278635) വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/14.1.19) ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാർ സ്ഥലം മാറിപ്പോയതിനാലും, വാർഡിൽ ശുചീകരണ പ്രവൃത്തികൾ ഇല്ലാതിരുന്നതിനാലുമാണ് തുക ചെലവഴിക്കാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. നാളിതുവരേയും ചെലവഴിക്കാത്തതിനാൽ തുക 12% പലിശ സഹിതം തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പി എച്ച് സി -ക്ക് മരുന്ന് വാങ്ങൽ പദ്ധതി - 31479/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 07/17-18 പ്രകാരം പി എച്ച് സി -ക്ക് മരുന്നുവാങ്ങുന്നതിനായി 1,00,000/-രൂപ ബിൽ നം 4/17-18/27.11.17 & ബിൽ നം.9/17-18/27.02.18 (75381+24619) പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ. തൈക്കാട്, തിരുവനന്തപുരത്തിന്റെ അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.362400180000019). എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും നാളിതുവരെ 68521/- രൂപയുടെ മരുന്ന മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് കാണുന്നു (ഇൻവോയിസ് നം.5058 തീയതി 21.7.18 രൂപ 3079/-, ഇൻവോയിസ് നം. 5061 തീ. 21.7.18, രൂപ 18258/-, ഇൻവോയിസ് നം.6551 തീയതി 14.8.18, രൂപ 4828/-, ഇൻവോയിസ് നം.6543 തീയതി 14.8.18, രൂപ 4570/-, ഇൻവോയിസ് നം.6553 തീയതി 14.8.18, രൂപ 28626/-, ഇൻവോയിസ് നം.6541 തീയതി 14.8.18, രൂപ 9160/-). 31479/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാതെ ശേഷിക്കുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/14.1.19) മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 വെള്ളക്കരം ഒടുക്കൽ-അപാകതകൾ.

പ്രോജക്ട് നമ്പർ -69/18, അടങ്കൽ -786000 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

കേരള വാട്ടർ അതോറിട്ടി അധികൃതരുമായി ചേർന്ന് നടത്തിയിട്ടുള്ള സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലുണ്ടായിരുന്ന 377 പൊതുടാപ്പുകളിൽ പ്രവർത്തനക്ഷമമല്ലാത്ത 139 എണ്ണം പൂട്ടുവാൻ [19.7.17ലെ 5(5)തീരുമാനം], തീരുമാനിച്ചിരുന്നു. നിലവിലുള്ള പൊതുടാപ്പുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് സംബന്ധിച്ച് ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിട്ടിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നുമാണ് ആകെ 377 ടാപ്പുകളുണ്ടെന്ന് കണക്കാക്കിയിട്ടുള്ളത്. പ്രോജക്ട് നമ്പർ 139/18 പ്രകാരം ടാപ്പുകൾ നിർത്തലാക്കുന്നതിന് വാട്ടർ അതോറിട്ടി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് ഒരു ടാപ്പിന് 887.29 നിരക്കിൽ സെന്റേജ് ചാർജ്ജ്

ഉൾപ്പെടെ 139 ടാപ്പുകൾക്ക് 143000രൂപ 1.12.2017ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ ടാപ്പുകൾ നിർത്തലാക്കുകയോ ഇവയുടെ വെള്ളക്കരം ആകെ ഡിമാന്റിൽ നിന്നും കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. 1/18മുതലുള്ള ബില്ലുകളിൽ നിന്നും 139 എണ്ണത്തിന്റെ വെള്ളക്കരം കുറച്ചാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തുന്നതെങ്കിലും ബാലൻസ് തുകയ്ക്ക് 2% പിഴപ്പലിശ കൂടി ചേർത്താണ് വാട്ടർ അതോറിട്ടി ഇപ്പോഴും വെള്ളക്കരം ഡിമാന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. പൊതുടാപ്പുകൾ പൂട്ടുന്നത് സംബന്ധിച്ച് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ആകെ ഡിമാന്റിൽ നിന്നും പിഴപലിശ കുറവു ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 ഡെപ്പോസിറ്റ് വർക്കുകൾക്ക് സെന്റേജ് ചാർജ് അധികം നൽകി

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ, താഴെ പറയുന്ന പ്രോജക്ടുകൾക്ക് സെന്റേജ് ചാർജ് അധികം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | എസ്റ്റിമേറ്റ് തുക സെന്റേജ് ചാർജില്ലാതെ | സെന്റേജ് ചാർജ് അനുവദിച്ചത് 12.5% | സെന്റേജ് ചാർജ് അനുവദനീയം 10% | അധികം നൽകിയ തുക | ബിൽ നമ്പർ തീയതി | തുക |
|---|---|---|---|---|---|---|---|
| 1 | 192/18 പൈപ്പ് ലൈൻ നീട്ടൽ വാർഡ് 10 | 44038 | 5504 | 4404 | 1100 | 48/17-18, 20.3.18 | 50000 |
| 2. | 77/18, പൈപ്പ് ലൈൻ നീട്ടൽ | 266439 | 33304.90 | 26644 | 6661 | 27/17-18 19.1.18 | 300000 |
| 3 | 149/18, സെയ്ദ് ലബ്ബ അങ്കണ വാടിക്ക് വാട്ടർ കണക്ഷൻ | 14319.20 | 1789.90 | 1432 | 358 | 47/17-18/ 28.3.18<br>ചെക്ക്- 8362191/ 3.4.18 | 15000<br>2000 |
| 4. | 199/18, കാവന | 87905 | 10988 | 8791 | 2197 | 46/17-18, 28.3.18 | 50000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | | | | | ചെക്ക് - 6560759/ 28.3.18 | 50000 |
| 5 | 139/18 പൊതു ടാപ്പുകൾ നിർത്തലാക്കൽ | 123333.31 | 15791.66 | 12333.33 | 3458 | 2807650/ 1.12.2017 | 43703 |
| | | | | | | 2807649/ 1.12.2017 | 99297 |
| | ആകെ | | | | 13774 | | |

വാട്ടർ അതോറിട്ടിയിലും പി.ഡബ്ല്യൂ.ഡി ചട്ടങ്ങൾ തന്നെയാണ് ബാധകമെന്നതിനാൽ വാട്ടർ അതോറിട്ടിയുമായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 10% സെന്റേജ് ചാർജ് നൽകിയാൽ മതി. ആയതിനാൽ ഈയിനത്തിൽ അനുവദനീയമായതിനേക്കാൾ കൂടുതലായി നൽകിയ 13774രൂപ തിരികെ ഈടാക്കുന്നതിനോ തുടർന്നുള്ള പ്രവർത്തികളിൽ ക്രമപ്പെടുത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 <u>മരാമത്ത് പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് നിരക്ക് നിശ്ചയിച്ചതിലെ അപാകത മൂലം ഉയർന്ന നിരക്ക് നൽകി</u>

ഗ്രാമ പഞ്ചായത്തിൽ 2017-18ൽ കരാറുകാർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് മോർഡ് സ്പെസിഫിക്കേഷൻ അനുസരിച്ച് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ഓവർഹെഡ് ചാർജ് എന്നിവ സഹിതം നിരക്ക് നിർണ്ണയിച്ചപ്പോൾ, കോൺട്രാക്ടേഴ്സ് പ്രോഫിറ്റിന്റെ 10% കൂടി നിരക്കിൽ അധികമായി ഉൾപ്പെട്ടതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

<u>പ്രോജക്ട്- 124/18</u>

<u>പുതിയേടത്ത് താഴം ചരമേൽതാഴം റോഡ് കോൺക്രീറ്റിംഗ്</u>.

സിമന്റ് കോൺക്രീറ്റിംഗ് ഗ്രേഡ് M10 എന്നയിനത്തിന്, 2016ലെ DSR നിരക്ക് പ്രകാരം അടിസ്ഥാന നിരക്ക് 3765.5/m3ആണ്. ഇതിനോടൊപ്പം CPOH 20% കൂട്ടുമ്പോൾ (753.10), 4518.60രൂപയും ,49.02% കോസ്റ്റ് ഇൻഡക്സ് 2215രൂപയും

ചേർത്ത് 6733.6/m3 നിശ്ചയിക്കുന്നതിന് പകരം 6789.64/m3 നിരക്ക് നിശ്ചയിച്ചതായി കാണുന്നു. ഇപ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ എല്ലാ ഇനങ്ങൾക്കും അധിക നിരക്ക് നൽകിയിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയറിലെ പിശക് മൂലം ബേസ് റേറ്റിനോടൊപ്പം കരാറുകാരന്റെ ലാഭം ചേർത്തുവരുന്ന തുകയുടെ 10% വീണ്ടും ഓവർഹെഡ് ചാർജായി ഉൾപ്പെടുത്തുന്നത് മൂലം ഓരോ ഇനങ്ങൾക്കും ഉയർന്ന നിരക്ക് അനുവദിക്കുവാൻ ഇടയാകുന്നത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രൈസ് സോഫ്റ്റ് വെയറിലെ അപാകത അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-6 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2017-18-ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, ടെണ്ടർ അംഗീകരിക്കപ്പെടുന്ന കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ചതിൽ ഒരെണ്ണത്തിൽ പോലും തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന സാഹചര്യത്തിൽ നോട്ടീസ് രജിസ്റ്റർ ചെയ്യുന്ന തീയതിയും കരാറുകാർ നോട്ടീസ് കൈപ്പറ്റുന്ന തീയതിയും രേഖപ്പെടുത്താറില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇപ്രകാരം തീയതി രേഖപ്പെടുത്താത്തതുമൂലം സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കുവാനും സാധിക്കുന്നില്ല.

എഗ്രിമെന്റ് വെയ്ക്കുന്നവയിൽ തന്നെ കൃത്യമായ തീയതി രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി, പ്രോജക്റ്റ് നമ്പർ- 59/18, ആവോലി മൃഗാശുപത്രി പെയിന്റിംഗ്, നവീകരണം എന്ന പ്രവൃത്തിയുടെ -കൺവീനർ, ചെയർമാൻ എന്നിവർ അസിസ്റ്റന്റ് എഞ്ചിനീയറുമായി 32-ാം നമ്പറായി 9.3.2017ൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത് ഇവരുടെ പേരിൽ 16.3.17ൽ വാങ്ങിയ മുദ്രപ്പത്രത്തിലാണ്. ഇത് അസാധ്യവും അപ്രായോഗികവുമാണ്. ഇത്തരം

അപാകതകൾ ആവർത്തിക്കാതിരുക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

# 3-7 നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2116-1പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ സ്ഥലം കൈമാറ്റം ചെയ്യാത്തതിന് കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1%നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കരാറുകാരൻ | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തീയതി | യഥാർത്ഥത്തിൽ പൂർത്തിയാക്കിയ തീയതി | കാലതാമസം വരുത്തിയ കാലയളവ് (ആഴ്ച) | പി.എ.സി | ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് (0.1%/ ആഴ്ച) | ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|---|---|---|
| 1. | 47/17-18, ടാങ്ക് കവല പൂതക്കുഴി റോഡ് റീടാറിംഗ്, സെന്റ് മൈക്കിൾ മുടക്കളിൽ റോഡ് റീടാറിംഗ് | നെൽസൺ ജോസഫ് | 10.7.17 | 19.1.18 | 24.57 | 235165 | 5778 | 500 | 5278 | 52/ 17-18, 8.3.18, 234666 |
| 2 | 50/18, ഇല്ലത്ത് തണ്ട് പടിഞ്ഞാട്ടുവയൽ ഭാഗം റോഡ്, തിരുവം പ്ലാവിൽ ക്ഷേത്രം റോഡ് ടാറിംഗ്. | നെൽസൺ ജോസഫ് | 12.7.17 | 29.1.18 | 28.85 | 510313 | 14722 | 1000 | 13722 | 46/ 17-18/ 8.3.18, 506881 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 3 | ഉതും ബേലി തണ്ട്, കക്കാഡ് തണ്ട്, കവിളം കുഴി റോഡ് റീടാറിംഗ് 45/18 | മൻസൂർ | 15.2.18 | 12.3.18 | 4 | 372346 | 1489 | 00 | 1489 | 57/ 17-18/ 14.3.18, 372346 |
| 4 | ചുണ്ടങ്ങാ വളവ് റോഡ് പണ്ട പ്പിള്ളി റോഡ് റീ ടാറിംഗ്. പ്രോജക്ട് 56/18 | പ്രവീൺ വർഗ്ഗീസ് | 1.6.17 | 21.12.17 | 29.1 | 622136 | 18104 | 2500 | 15604 | 24/ 17-18/ 22.1.18, 619448 |
| | ആകെ | | | | | | | 4000 | 36093 | |

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ നിന്നും നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയതിൽ 36093 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

കൂടാതെ മേൽ പറഞ്ഞ പ്രവൃത്തികളിൽ നിന്നും ഫൈൻ ഇനത്തിൽ ഈടാക്കിയ 4000/- രൂപ ഓരോ പ്രവർത്തിയുടേയും ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുക മാത്രം ട്രഷറിയിൽ നിന്നും പിൻവലിച്ചതിനാൽ തനത് ഫണ്ടിൽ ഒടുക്കേണ്ടിയിരുന്ന ഫൈൻ തുക പഞ്ചായത്തിന് നഷ്ടമായി. ഇപ്രകാരം നഷ്ടമായ 4000/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-8 സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി-അപാകങ്ങൾ

വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തൻവർഷം വി.ഇ.ഒ (ആവോലി) നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ, വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പഞ്ചായത്തിൽ നിന്നും സബ്സിഡി നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | തുടങ്ങിയ സംരംഭത്തിന്റെ | സബ്സിഡിതുക/ ചെലവ് വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| | | പേര് | |
| 1 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം (എസ്0184/2018) | സിറ്റി ബേക്കറി ആൻഡ് റെസ്റ്റോറന്റ് | 1,00,000/-രൂപ ബിൽനം.-26/17.3.18 |
| 2 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം-ഹെൽത്ത്ക്ലബ്ബ് യൂണിറ്റ്(എസ്0185/2018) | ആരോഗ്യ ഹെൽത്ത്ക്ലബ്ബ് | 1,00,000/-രൂപ ബിൽനം-19/9.2.18 |
| 3 | വനിതകൾക്ക് സ്വയംതൊഴിൽ-പേപ്പർ ഗ്ലാസ്സ്/തുണി സഞ്ചി നിർമ്മാണ യൂണിറ്റ് (എസ് 0098/2018) | റോസ്മേരി ക്ലോത്ത് ബാഗ് യൂണിറ്റ് | 1,00,000/- രൂപ ബിൽനം-32/28.3.18 |
| 4 | വനിതാതൊഴിൽസംരംഭം (സി.ഡി.എസ്) (എസ്0193/2018) | ഹരിതാ വെസ്സൽസ് | 1,90,000/- രൂപ ബിൽനം-33/28.3.18 |

പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത യൂണിറ്റുകളിൽ റോസ്മേരി ക്ലോത്ത് ബാഗ് യൂണിറ്റ് ഒഴികെയുള്ളവ പ്രവർത്തനം തുടങ്ങിയതിന് ചെലവാക്കിയ തുകയുടെ വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സബ്സിഡി തുക കണക്കാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.
2. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.
3. മേൽസൂചിപ്പിച്ച തൊഴിൽസംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത് സ്വന്തമായുള്ള കെട്ടിടത്തിലാണോ വാടകക്കെട്ടിടത്തിലാണോ എന്ന കാര്യം റോസ്മേരി ക്ലോത്ത് ബാഗ്യൂണിറ്റ് ഒഴികെയുള്ള സ്ഥാപനങ്ങൾ വ്യക്തമാക്കിയിട്ടില്ല.
4. ആരോഗ്യ ന്യൂട്രീഷൻ ഹെൽത്ത് ക്ലബ് ഒഴികെയുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ഡി.ആന്റ് ഒ.ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ പ്രസ്തുത സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യവും വ്യക്തമല്ല.
5. ആരോഗ്യ ന്യൂട്രീഷൻ ഹെൽത്ത് ക്ലബ് ലോൺ എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

മേൽസൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി

ലഭ്യമാക്കിയില്ല. എന്നാൽ ഇത് സംബന്ധിച്ച് സി.ഡി.എസ് ചെയർപേഴ്സൺ ലഭ്യമാക്കിയ മറുപടിയിൽ ആരോഗ്യ ന്യൂട്രീഷൻ ഹെൽത്ത് ക്ലബ് ബാങ്കിൽ നിന്നും നാളിതുവരെ ലോൺ എടുത്തിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ യൂണിറ്റിന് സബ്സിഡിക്ക് അർഹതയില്ലാത്തതാണ്. അർഹതയില്ലാത്ത സ്ഥാപനത്തിനായി സബ്സിഡിയിനത്തിൽ ബാങ്കിൽ നിക്ഷേപിച്ച 1,00,000/-രൂപ തിരികെ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ അംഗീകരിക്കാത്ത 1,00,000 രൂപയൊഴികെ 3,90,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 സേവന നികുതി ഒടുക്കേണ്ടാത്ത പ്രവൃത്തിക്ക്, കരാറുകാരന് സേവന നികുതി നൽകി.

പ്രോജക്ട് നമ്പർ- 59/18

ആവോലി മൃഗാശുപത്രി പെയിന്റിംഗ്, നവീകരണം

അടങ്കൽ-200000/- രൂപ, കൺവീനർ- എസ്.കെ.മോഹനൻ, ചെയർമാൻ- ഷിജിന പി.എ

ആകെ മൂല്യം- 1,81,391/-, ബിൽ നമ്പർ-15/17-18/11/10/17 -2,00,000/- രൂപ

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി

ബന്ധപ്പെട്ട പ്രവൃത്തി, റിപ്പയർ, മെയിന്റനൻസ് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലിറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി.

എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ആവോലി മൃഗാശുപത്രി പെയിന്റിംഗ്, നവീകരണം എന്ന പ്രോജക്ടിന്റെ ആകെ മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ 10.5% തുക (19005രൂപ) കൺവീനർക്ക് നല്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവിധം സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ പ്രവൃത്തിക്ക് ഈയിനത്തിൽ കൺവീനർക്ക് തുക നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് 19005/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-10 ഐ.കെ.എം-ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ.

പ്രോജക്ട് നമ്പർ -82/18, അടങ്കൽ -46,213/-

ബിൽ നമ്പർ- 1/17-18/14.7.17 -46213/-

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 46213/- രൂപ ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 24.7.14ലെ G4-16393/13 കത്ത് പ്രകാരം കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഐ.കെ.എമ്മിന് നൽകിയിട്ടുള്ള തുക വിനിയോഗിച്ചത് സംബന്ധിച്ച് വിനിയോഗ രേഖകൾ പഞ്ചായത്തുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഈയിനത്തിൽ ഐ.കെ.എം- പഞ്ചായത്തിനും തിരിച്ചും തുക നൽകുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച (വിനിയോഗം/ തിരിച്ച്

നൽകിയത്/ ക്രമീകരിച്ചത്) വിശദ വിവരം ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതുമാണ്.

## 3-11 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി വാട്ടർ അതോറിട്ടിയ്ക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ - | ബിൽ നമ്പർ | നൽകിയ തുക | പരാമർശം |
|---|---|---|---|---|
| 1 | 192/18 പൈപ്പ് ലൈൻ നീട്ടൽ വാർഡ് 10 | 48/17-18, 20.3.18 | 50000 | പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| 2 | 77/18, പൈപ്പ് ലൈൻ നീട്ടൽ | 27/17-18 19.1.18 | 300000 | പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| 3. | 149/18, സെയ്ദ് ലബ്ബ അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | 47/17-18/ 28.3.18 | 15000 | പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് |
| | | ചെക്ക്- 8362191/3.4.18 | 2000 | |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് എന്നിവയില്ല. |
| 4. | 199/18, കാവന ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 46/17-18, 28.3.18 | 50000 | പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| | | ചെക്ക് - 6560759/ 28.3.18 | 50000 | |
| 5 | 139/18 പൊതുടാപ്പുകൾ നിർത്തലാക്കൽ | 2807650/ 1.12.2017 | 43703 | പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| | | 2807649/ 1.12.2017 | 99297 | |

സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 6,10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-12 <u>ടെണ്ടർ ഫോറം വില ഡിമാന്റ് ഡ്രാഫ്റ്റായി ലഭിച്ചത് രസീത് എഴുതാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.</u>

പ്രോജക്ട്-90/18

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൽ ടി.എഫ്.എം സൊല്യൂഷൻസ്, വെണ്ണല എന്ന സ്ഥാപനം ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ഡിമാന്റ് ഡ്രാഫ്റ്റായി യഥാക്രമം 236രൂപ (370951/19.9.17), 1500രൂപ (370952/19.9.17) എന്നിങ്ങനെ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഡിമാന്റ് ഡ്രാഫ്റ്റുകൾക്ക് രസീത് പ്രിന്റ് ചെയ്യുകയോ ബാങ്കിൽ സമർപ്പിക്കുകയോ

ചെയ്യാതെ ഓഡിറ്റ് കാലയളവിലും ഫയലിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നു. ആയത് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള സമയം കഴിഞ്ഞതിനാലും 1736 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 17/17.1.19-ാം നമ്പറായി എൻക്വയറി നൽകിയതിനെ തുടർന്ന് 236/- രൂപ തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. കൂടാതെ മേൽ സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതിനാലും ഡി.ഡി ബാങ്കിൽ സമർപ്പിക്കാതിരുന്നതിനാലും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും ആയതിനാൽ ടി.സ്ഥാപനം ഡിഡി തിരികെ ആവശ്യപ്പെടില്ലെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-രജിസ്റ്റർ സൂക്ഷിപ്പിലെ അപാകം

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി ഗുണഭോക്താക്കൾക്ക് വളം വിതരണവും ഫലവൃക്ഷത്തൈ വിതരണവും നടത്തിയിട്ടുണ്ട്. ഇവയുടെ വിതരണം രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും ആയത് ശരിയായ രീതിയിലല്ല എഴുതി സൂക്ഷിച്ചിരിക്കുന്നത്. വളം/തൈ ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയതിനുശേഷം ആയവരുടെ പേരും ഒപ്പും വെട്ടിയിരിക്കുന്നതായി കണ്ടു. കൂടാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരിന് നേരെ ക്രമനമ്പർ രേഖപ്പെടുത്തിയിട്ടുമില്ല. രജിസ്റ്ററുകളും രേഖകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 3-14 ബാലസഭാപ്രവർത്തനങ്ങൾ-പ്രോജക്ട് നടത്തിപ്പിൽ അപാകങ്ങൾ

ബാലസഭാപ്രവർത്തനങ്ങൾ എന്ന പ്രോജക്ട്(എസ്.0107/18-അടങ്കൽ-50,000/-) നടത്തുന്നതിനായി വി.ഇ.ഒ.(ആനിക്കാട്) തൻവർഷം 50,000/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകളുടെ വിശദവിവരം താഴെ ചേർക്കുന്നു. (ബിൽ നമ്പർ 25/12.1.18)

1)പ്രോജക്റ്റ് പ്രകാരം കുട്ടികൾക്ക് കുടനിർമ്മാണ പരിശീലനം നൽകിയിട്ടുണ്ട്. പ്രോജക്റ്റിനായി ചെലവഴിച്ച തുകയിൽ 25,000/-രൂപ കുടനിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്. ആ തുക ഉപയോഗിച്ച് എത്ര കുട നിർമ്മിക്കുന്നതിനുള്ള സാമഗ്രികളാണ് വാങ്ങിയിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ ആയവ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങളും ഇല്ല. ആയതിനാൽ ഒരു കുട നിർമ്മിക്കുന്നതിന് ആവശ്യമായ തുക നിശ്ചയിച്ചത് എങ്ങനെയാണെന്നും വ്യക്തമല്ല.

2)ബാക്കി 25,000/-രൂപ റിഫ്രഷ്മെന്റ് ചാർജും കുടനിർമ്മാണ പരിശീലനം നൽകിയ ട്രെയിനർമാർക്കുള്ള പ്രതിഫലവുമാണ്. ട്രെയിനർമാർക്കുള്ള പ്രതിഫലം നിശ്ചയിച്ചത്എങ്ങനെയാണെന്നും വ്യക്തമല്ല.

3)പ്രോജക്റ്റ് പ്രകാരം ആകെ ചെലവഴിച്ച തുക സി.ഡി.എസ്-ലേക്കാണ് നൽകിയിട്ടുള്ളത്.ആയതിന്റെ കാരണവും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.1.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-15 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, കാവന) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പരിപാടി എന്ന പ്രോജക്റ്റിനായി (എസ്0126/18) തൻവർഷം സംസ്ഥാന തുടർ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് താഴെ പറയുന്ന തുകകൾ അടച്ചിട്ടുണ്ട്.

| ക്രമനം | കോഴ്സ് | കോഴ്സ് ഫീസ് | ഗുണഭോക്താക്കളുടെ എണ്ണം | ട്രഷറി ബിൽ നം. | തുക |
|---|---|---|---|---|---|
| 1 | പത്താം തരം തുല്യത | 1750/- | 12 | 3/17-18/27.2.18 | 21000 |
| 2 | പ്ലസ്ടു തുല്യത | 1950/- | 4 | 4/17-18/27.2.18 | 7800 |
| 3 | പ്ലസ്വൺ | 1950/- | 28 | 5/17-18/27.02.18 | 54600 |

എന്നാൽ ഗുണഭോക്താക്കൾ കോഴ്സിൽ പങ്കെടുത്തതിന്റെയോ പരീക്ഷക്ക് ഹാജരായതിന്റെയോ വിവരങ്ങൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 7.1.19ന് നൽകിയ ഓഡിറ്റ് അന്വേഷണം നം.1-ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവ് തുകയായ 83400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 വയോജനങ്ങൾക്ക് കട്ടിൽ -പ്രോജക്ട് നടത്തിപ്പിൽ അപാകം

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ ഈ പ്രോജക്ട് (എസ്0112/18)പ്രകാരം ആർട്കോയിൽനിന്നും 112 കട്ടിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു കട്ടിലിന് 4350/-രൂപയാണ് ക്വോട്ട് ചെയ്തത്. ആർട്ട്കോയുടെ ഇൻവോയ്സ് നം.1491/23.3.2018ൽ 112 കട്ടിലുകളുടെ വിലയായി 487142/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥ ആർട്ട്കോയ്ക്ക് നൽകിയിട്ടുണ്ട് (ബിൽ നമ്പർ 15/17-18/28.3.18). ഇതേ ഫയലിൽ ആർട്കോ പി.വി.എഞ്ചിനീയറിംഗ് വർക്ക്സിൽനിന്നും 62 കട്ടിൽ 3510/-രൂപ നിരക്കിൽ വാങ്ങിയിട്ടുള്ളതിന്റെ ബിൽ ചേർത്തിരിക്കുന്നു. കൂടാതെ വി.ഇ.ഒ. പഞ്ചായത്തിൽ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) എന്ന മറ്റൊരു പദ്ധതിയിൽ പി.വി.എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും 4300/-രൂപ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്. പഞ്ചായത്തിന് തൻവർഷം ടി പ്രോജക്ടുകൾ പ്രകാരം ആകെ വാങ്ങേണ്ട കട്ടിലുകളുടെ എണ്ണം കണക്കാക്കി ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നതിനാലാണ് ഇപ്രകാരം വ്യത്യസ്ത നിരക്കിൽ വാങ്ങുവാൻ ഇടയായത്. വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാനുവലിലെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-17 വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

വി.ഇ.ഒ (ആവോലി) നടപ്പിലാക്കിയ പി.എം.എ.വൈ.പഞ്ചായത്ത് വിഹിതം എന്ന പദ്ധതിക്കായി 1,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽനം.4/18.1.18). തുക ബി.ഡി.ഒ.മൂവാറ്റുപുഴക്ക് കൈമാറിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

ബി.ഡി.ഒ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഇല്ല. പഞ്ചായത്തിൽ നിന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എത്ര പേർ ഉണ്ടെന്നതിന്റെ വിവരങ്ങളും ഇല്ല. കൂടാതെ പഞ്ചായത്ത് കൈമാറിയ തുക പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽവിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 16/17.1.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുകയായ 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 00 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 163265 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 163265 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 272000 | ലൈഫ് മിഷൻ പദ്ധതി | 272000 | 00 |

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | പ്രവൃത്തി യുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാല ൻസ് |
|---|---|---|---|---|---|---|
| 1 | കെ.ഡബ്ല്യൂ.എ | 192/18 പൈപ്പ് ലൈൻ നീട്ടൽ വാർഡ് 10 | 48/17-18, 20.3.18 | 50000 | 0 | 50000 |
| 2 | കേരള വാട്ടർ അതോറിട്ടി | 77/18, പൈപ്പ് ലൈൻ നീട്ടൽ | 27/17-18 19.1.18 | 300000 | 0 | 300000 |
| 3. | കേരള വാട്ടർ അതോറിട്ടി | 149/18, സെയ്ദ് ലബ്ബ അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | 47/17-18/ 28.3.18 | 15000 | 0 | 15000 |
| | | | ചെക്ക്- 8362191/3.4.18 | 2000 | 0 | 2000 |
| 4. | കേരള വാട്ടർ അതോറിട്ടി | 199/18, കാവന ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 46/17-18, 28.3.18 | 50000 | 0 | 50000 |
| | | | ചെക്ക് - 6560759/ 28.3.18 | 50000 | 0 | 50000 |
| 5 | കേരള വാട്ടർ അതോറിട്ടി | 139/18 പൊതുടാപ്പുകൾ നിർത്തലാക്കൽ | 2807650/ 1.12.2017 | 43703 | 0 | 143000 |
| | | | 2807649/ 1.12.2017 | 99297 | | |

(മേൽ സൂചിപ്പിച്ച തുകയിൽ ക്രമ നമ്പർ 3 ലെ 2000/- രൂപ 03.04.18 ൽ ചെലവഴിച്ചതായതിനാൽ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ക്രമ നമ്പർ 5 പ്രകാരമുള്ള 143000/- രൂപയുടെ ചെലവ് ധനകാര്യ പത്രിക RP 47 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.)

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാ | തൻവർഷം | വർഷാ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പേരു് ഉദ്ദേശ്യം | നം. തീയതി | | രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക. |
| EMS ഭവനപദ്ധതി | GO(MS) 78/2010/ LSGD തീയതി 8/3/2010 | 25,80,750 | 109466 | 109466 | 0 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2289/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2000-01 | 2-1ബി | 212 | സെക്രട്ടറി | 117010103685/ 23.1.2018 |
| | | 56 | വില്ലേജ് ഓഫീസ് | 117010103777/ 31.1.2018 |
| | | 300 | എച്ച്.എം.യു. പി.എസ് രണ്ടാർ | 117010103686/ 23.1.2018 |
| | | 72 | ഹോമിയോ ഡിസ്പെൻസറി, ആവോലി | 117010103687/ 23.1.2018 |
| | | 158 | കോ-ഓപ്പറേറ്റീവ് ബാങ്ക്,ആവോലി | 117010103688/ 23.1.2018 |
| | 3-1 | 801 | സെക്രട്ടറി | 117010103765/ 31.1.2018 |
| 2002-03 | 3-4 | 690 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 117010103766/ 31.1.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2014-15 | 4.1.15 | പാണ്ടൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച്. പദ്ധതി ജില്ലാപഞ്ചായത്ത് നിർവ്വഹണം നടത്തി. | മൈനർ ഇറിഗേഷനിൽ ഡെപ്പോസിറ്റ് ചെയ്ത 2,75,000/- രൂപ തിരിച്ചുവാങ്ങി. വൗച്ചർ നം. 117040900025/ 3.8.17) |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53468376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52945872 |
| വരവിനങ്ങളിലുള്ള നഷ്ടം | 3682 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 148005 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1278653 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-3 | 3682 | | എം. സുരേഷ്, സെക്രട്ടറി |
| 3-1 | | 25000 | ഡോ.ബ്ലെസി പോൾ മെഡിക്കൽ ഓഫീസർ |
| 3-7 | | 4000 | ആര്യ സി.ഉണ്ണി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 100000 | ഷഫീക്ക് കെ.കെ, വി.ഇ.ഒ (ആവോലി) |
| 3-9 | | 19005 | പി.കെ. ബാലകൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3682 | 148005 | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 31479 | ഡോ.ബ്ലെസി പോൾ, മെഡിക്കൽ ഓഫീസർ |
| 3-4 | 13774 | എം.സുരേഷ്, സെക്രട്ടറി |
| 3-8 | 100000 | ഷഫീക്ക് കെ.കെ, വി.ഇ.ഒ (ആവോലി) |
| | 290000 | പ്രിയരഞ്ചൻ ആർ.ആർ, വി.ഇ.ഒ |
| 3-11 | 610000 | എം. സുരേഷ്, സെക്രട്ടറി |
| 3-14 | 50000 | പ്രിയരഞ്ചൻ ആർ.ആർ, വി.ഇ.ഒ |
| 3-15 | 83400 | സാലി.കെ.എസ്,ഹെഡ്മാസ്റ്റർ, എൽ.പി.എസ്, കാവന |
| 3-17 | 100000 | ഷഫീക്ക് കെ.കെ, വി.ഇ.ഒ (ആവോലി) |
| ആകെ | 1278653 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.സുരേഷ് സെക്രട്ടറി | വിരമിച്ചു | മാമ്പിള്ളിൽ കുന്നക്കാൽ പി.ഒ. വാളകം |
| ഡോ.ബ്ലെസി പോൾ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ആവോലി | 43വില്ല, ഐ.എം.എ വില്ലേജ് തട്ടാരങ്ങടപി.ഒ. തൊട്ടുപുഴ |
| ഫീക്ക് കെ.കെ. വി.ഇ.ഒ (ആവോലി) | വി.ഇ.ഒ.(ആവോലി) ആവോലി ഗ്രാമപഞ്ചായത്ത് | സൈന മൻസിൽ എൻ.ജി.ഒ. ക്വാർട്ടേഴ്സ്, മൂവാറ്റുപുഴ |
| പ്രിയരഞ്ചൻ ആർ.ആർ | വി.ഇ.ഒ.(ആനിക്കാട്) ആവോലി, ഗ്രാമപഞ്ചായത്ത് | പഴമഠം വീട് കാലാമ്പൂർ,പിറവം |
| ആര്യ സി.ഉണ്ണി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ആവോലി ഗ്രാമപഞ്ചായത്ത് | ചേറ്റുകുടിയിൽ വീട് മാനാറി പി.ഒ. |
| പി.കെ. ബാല കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | പാറാശ്ശേരിയിൽ വീട് മൈത്രിനഗർ, കൂത്താട്ടുകുളം |
| സാലി.കെ.എസ്, ഹെഡ്മാസ്റ്റർ | വിരമിച്ചു | തണ്ണലേൽ, മണ്ണായ്ക്കാട്.പി.ഒ, കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1972-73 | എൽ.എഫ്.ഇ. |

| | |
|---|---|
| | (പി.4)258/86/13-01-1987 |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/8624-04-1987 |
| 1983-84 | എൽ.എഫ്.ഇ. (പി.4)2383/87/ 10-02-1988 |
| 1984-85 | എൽ.എഫ്.ഇ. (പി.4)126/88/ 13-05-1988 |
| 1985-86 | എൽ.എഫ്.ഇ. (പി.4)346/89/21-08-1989 |
| 1986-87 | എൽ.എഫ്.ഇ. (പി.4)609/91/ 6-06-1991 |
| 1987-88 | എൽ.എഫ്.ഇ. (പി.4)1122/91/ 17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ. (പി.4)258/86/13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ. (പി.4)434/93/31-10-1995 |
| 1992-93 | എൽ.എഫ്.ഇ. (പി.3)445/96/19-07-1996 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ. (പി.5)1150/97/ 19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ. (പി.5)1059/02/2-12-2002 |
| 1999-2000, 2000-01, 2001-02(പ്ലാൻ) | എൽ.എഫ്.ഇ. (പി.5)183/05/17-08-2005 |
| 1996-97 (R) | എൽ.എഫ്.ഇ. (പി.5)1213/7/12-02-2008 |
| 1997-98 | എൽ.എഫ്.ഇ. (പി.5)1214/07/ 12-02-2008 |
| 1998-99 | എൽ.എഫ്.ഇ. (പി.5)1215/07/ 12-02-2008 |
| 2002-03, 2003-04, 2004-05, 2005-06,2006-07, 2007-08, 2008-09 | എൽ.എഫ്.ഇ. (പി.5)180/09/14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ. (പി.8)689/13/25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ. |

| | |
|---|---|
| | (പി.8)1791/14/ 15-12-2014 |
| 2014-15 | എൽ.എഫ്.ഇ. (പി.8)1193/16/ 19-07-2016 |
| 2015-16 | കെ എസ് എ (ഇ.കെ എം)പി.8)1905/16/ 28-11-2016 |
| 2016-17 | കെ എസ് എ (ഇ.കെ എം)പി.8)2181/17/ 29-11-2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

# അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആവോലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2016-17 ലെ നീക്കിയിരിപ്പും 2017-18 ലെ മുന്നിരിപ്പും തമ്മിൽ 3,26,000/- രൂപയുടെ വ്യത്യാസമുണ്ട്.
2. B-7 ഷെഡ്യൂൾ പ്രകാരം Deposits received ൽ other deposits ഇനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും ധനകാര്യ പത്രിക പ്രകാരമുള്ള തുകയും തമ്മിൽ 25000/- രൂപയുടെ വ്യത്യാസമുണ്ട്.
3. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
4. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ